**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
**ചോദ്യം നം. 843**

30.10.2019 ലെ മറുപടിയ്ക്ക്.

## കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ

| **ചോദ്യം**<br>**ശ്രീ.എം. രാജഗോപാലൻ :** | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|
| കാസർഗോഡ് ജില്ലയിലെ എസ്.സി. വിഭാഗം കുട്ടികൾക്കായി പ്രവർത്തിക്കുന്ന ഏക മോഡൽ റസിഡൻഷ്യൽ സ്കൂളായ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാത്തതിനാൽ ഇവിടെ നിന്നും കോഴ്സ് പൂർത്തീകരിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് പ്ലസ് ടു പഠനത്തിന് ഏറെ പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | ഉണ്ട്. കാസർഗോഡ് ജില്ലയിൽപ്പെട്ട കൊടക്കാട് എം.ആർ.എസ്. ൽ +2 കോഴ്സ് ആരംഭിക്കുന്നതിനായി കിഫ്ബി മുഖാന്തിരം 100 വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ നടന്നു വരികയാണ്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവിടെ +2 കോഴ്സ് ആരംഭിക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ